I.T

# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 91** **14/06/2012 ൽ മറുപടിക്ക്**

## സർവ ശിക്ഷാ അഭിയാൻ പുതിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എൻ.എ. ഖാദർ : | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സർവ ശിക്ഷാ അഭിയാൻ പ്രവർത്തനങ്ങൾക്ക് നീക്കിവച്ച കോടിക്കണക്കിന് രൂപ പാഴാക്കിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടീച്ചർ തസ്തികകളിൽ നിയമനം നടത്താത്തതിനാൽ സർവ ശിക്ഷാ അഭിയാന് അനുവദിച്ച തുക മുഴുവനും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. |
| ബി) | എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മുഴുവൻ കമ്പ്യൂട്ടറുകളും ആവശ്യമായ മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുവാൻ എസ്.എസ്.എ. ഫണ്ട് വിനിയോഗിക്കാതിരുന്നത് എന്തുകൊണ്ടാണ്; | ബി) | എസ്.എസ്.എ. മാനദണ്ഡമനുസരിച്ച് എയ്ഡഡ് സ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുവാൻ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ അനുശാസിക്കുന്നില്ല. |
| സി) | എസ്.എസ്.എ. മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ? | സി) | സർക്കാർ വിദ്യാലയങ്ങളിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും എസ്.സി/എസ്.ടി, ബി.പി.എൽ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ആൺകുട്ടികൾക്കും സൗജന്യമായി ഓരോ കുട്ടിക്കും 2 സെറ്റ് യൂണിഫോം വീതം നൽകുന്ന പുതിയ പദ്ധതി നടപ്പിലാക്കി വരുന്നു. 1806 സ്കൂളുകൾക്ക് ശിശു സൗഹൃദ വിദ്യാലയങ്ങൾ ഒരുക്കുന്നതിന് 18.06 കോടി രൂപയുടെ പദ്ധതിയും നടപ്പാക്കിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ